**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1907** **13-02-2025 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ മേഖലയിലെ വാതിൽപ്പടി സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ മേഖലയിലുള്ള കർഷകരുടെ വളർത്തുമൃഗങ്ങൾക്ക് മൃഗാശുപത്രികളിൽ നിന്ന് ഗുണനിലവാരമുള്ള ചികിത്സാ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും മൃഗാശുപത്രികളുടെ പ്രവർത്തന സമയ ശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനുമായി രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു. മൊബൈൽ വെറ്ററിനറി സേവനങ്ങൾ കൂടി ഉൾപ്പെടുത്തി വാതിൽപ്പടി സേവനം കൂടുതൽ വിപുലപ്പെടുത്തി വരുന്നു. |
| (ബി) | പ്രസ്തുത കർഷകർക്ക് സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | കർഷകർക്ക് സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ രാത്രികാലഅടിയന്തിര മൃഗ ചികിത്സ സേവനം പദ്ധതി 152 ബ്ലോക്കുകളിലും തിരുവനന്തപുരം,കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റ് 29 ബ്ലോക്കുകളിൽ , കൊല്ലം എറണാകുളം കണ്ണൂർ ജില്ലകളിൽ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളുടെ സേവനം എന്നിവ നടപ്പിലാക്കി വരുന്നു . റീബിൾഡ് കേരള പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ സേവനം ലഭ്യമാക്കാൻ |

| | | | |
|---|---|---|---|
| | | | അനുമതിയായിരുന്നു . ഇതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ 47 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ 12 മൊബൈൽ സർജറി യൂണിറ്റുകൾ എന്നിവ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | വാതിൽപ്പടി സേവനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ വെറ്റിനറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രയോജനം കർഷകർക്ക് ഏതു തരത്തിലാണ് ലഭ്യമാകുന്നത്; വിശദമാക്കുമോ; | (സി) | വാതിൽപ്പടി സേവനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ വെറ്റിനറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി വിപുലീകരിച്ചു വരുന്നു.കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ -മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതിയുടെ കീഴിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തെ 29 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വരുന്നു. 13 ജില്ലകളിൽ 2 ബ്ലോക്കുകൾ വീതവും ഇടുക്കി ജില്ലയിലെ 3 ബ്ലോക്കുകളിലുമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിയ്ക്കുന്നത്. കൂടാതെ ആർ. കെ. വി. വൈ പദ്ധതി പ്രകാരം പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഓരോ മൊബൈൽ വെറ്റിനറി യൂണിറ്റുകൾ വീതം ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. എറണാകുളം, കണ്ണൂർ, കൊല്ലം ജില്ലകളിൽ ഓരോ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. യൂണിറ്റുകളുടെ സേവനം വ്യാപകമാകുക വഴി കർഷകരുടെ വീട്ടു പടിയ്ക്കൽ തന്നെ മികവുള്ള രോഗചികിത്സാ സംവിധാനം സമയ ബന്ധിതമായി ലഭ്യമാക്കുവാൻ സഹായിക്കുകയും അതുവഴി രോഗങ്ങൾ മൂലമുള്ള ഉൽപാദന നഷ്ടം ഉണ്ടാകുന്നത് തടയുകയും ചെയ്യുന്നു.<br>സംസ്ഥാനത്തെ മിച്ചമുള്ള ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിന് റീബിൽഡ് കേരള പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യ ഘട്ടമായി 47 മൊബൈൽ വെറ്ററിനറി യൂണിറ്റ് കൂടി ഉടൻ സ്ഥാപിക്കുന്നതാണ്. കൂടാതെ 12 മൊബൈൽ സർജറി യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കായി കൂടുതൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കായി കൂടുതൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി പുറത്തിറക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി അരുമ മൃഗങ്ങളുടെ ഉടമകൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ ഡൌൺലോഡ് ചെയ്തെടുക്കാം.<br>ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും ഈ സൗകര്യം ലഭ്യമാകും. |

| | | | |
|---|---|---|---|
| | | | കർഷകർക്ക് തങ്ങളുടെ മൃഗങ്ങൾക്ക് ചികിത്സാ സേവനം ലഭ്യമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ മുഖേന അപ്പോയിന്റ്മെന്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുവാൻ സാധിക്കുന്ന സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, തൃക്കണ്ണാപുരം വെറ്ററിനറി ഡിസ്പെന്സറി, കഴക്കൂട്ടം വെറ്ററിനറി ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സൗകര്യം ലഭ്യമാണ്. പത്തനംതിട്ട ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും ഒരു പൈലറ്റ് പ്രോജക്ടായി ഈ സൗകര്യം നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ